**മധുരമായ കുട്ടികളേ – സുഖ ദുഃഖത്തിന്റെ കളി നിങ്ങൾക്ക് മാത്രമേ അറിയൂ, അര കല്പം സുഖമാണ് പിന്നീട് അരകല്പം ദുഃഖവും, ബാബ ദുഃഖം ഇല്ലാതാക്കി സുഖം നൽകുന്നതിനാണ് വരുന്നത്.**

**ചോദ്യം:–** പല കുട്ടികളും ഏതൊരു കാര്യത്തിലാണ് തന്റെ മനസ്സിനെ സന്തോഷിപ്പിച്ച് വിഡ്ഢികളായി മാറുന്നത്?

**ഉത്തരം:–** പലരും ഞാൻ സമ്പൂർണ്ണമായി, ഞാൻ പൂർണ്ണമായും തയ്യാറായി എന്ന് കരുതുന്നു. ഇങ്ങനെ ചിന്തിച്ച് തന്റെ മനസ്സിനെ സന്തോഷിപ്പിക്കുന്നു. ഇതും വിഡ്ഢിയാകലാണ്. ബാബ പറയുന്നു – മധുരമായ കുട്ടികളേ ഇപ്പോൾ വളരെ അധികം പുരുഷാർത്ഥം ചെയ്യണം. നിങ്ങൾ പാവനമായി മാറിയാൽ ലോകവും പാവനമായി മാറും. രാജധാനി സ്ഥാപിതമാകണം, ഒരാൾക്ക് മാത്രമായി പോകാൻ സാധിക്കില്ല.

**ഗീതം:–** അങ്ങുതന്നെയാണ് മാതാവ്, പിതാവും അങ്ങുതന്നെ...

**ഓം ശാന്തി.** ഇതിലൂടെ കുട്ടികൾക്ക് തന്റെ പരിചയം ലഭിക്കുന്നു. ബാബയും ഇങ്ങനെ പറയുന്നു, നമ്മൾ എല്ലാവരും ആത്മാക്കളാണ്, എല്ലാവരും മനുഷ്യർ തന്നെയാണ്. വലുതായാവും ശരി ചെറുതായാലും ശരി, പ്രസിഡന്റ്, രാജാവ്–റാണി എല്ലാവരും മനുഷ്യരാണ്. ഇപ്പോൾ ബാബ പറയുന്നു എല്ലാവരും ആത്മാക്കളാണ്, ഞാൻ സർവ്വാത്മാക്കളുടേയും പിതാവാണ് അതിനാലാണ് എന്നെ പരമപിതാ പരമാത്മാവ് അഥവാ സുപ്രീം എന്ന് വിളിക്കുന്നത്. കുട്ടികൾക്കറിയാം നമ്മൾ ആത്മാക്കളുടെ പിതാവാണ് ബാബ, നമ്മൾ എല്ലാവരും സഹോദരങ്ങളാണ്. പിന്നീട് ബ്രഹ്മാവിലൂടെ സഹോദരീ സഹോദരൻ എന്ന അന്തരം വരുന്നു. ആത്മാക്കൾ എല്ലാവരും ആത്മാക്കളാണ്. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. മനുഷ്യരാണെങ്കിൽ ഒന്നും മനസ്സിലാക്കുന്നില്ല. ബാബയാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നത് – ബാബയെ ആർക്കും അറിയില്ല. മനുഷ്യർ പാടുന്നു– അല്ലയോ ഭഗവാനേ, അല്ലയോ മാതാപിതാവേ എന്ന് എന്തെന്നാൽ ഉയർന്നതിലും ഉയർന്നത് ഒരാളായിരിക്കുമല്ലോ. ബാബയാണ് എല്ലാവരുടേയും പിതാവ്, എല്ലാവർക്കും സുഖം നൽകുന്നു. സുഖ ദുഃഖത്തിന്റെ കളിയും നിങ്ങൾക്കറിയാം. മനുഷ്യർ കരുതുന്നത് ഇപ്പോളൾ തന്നെ സുഖവും ദുഃഖവും ഉണ്ടാകും എന്നാണ്. അരകല്പം സുഖവും അരകല്പം ദുഃഖവുമാണ് എന്നത് മനസ്സിലാക്കുന്നില്ല. സതോപ്രധാനത്തിൽ നിന്നും സതോ രജോ തമോയിലേയ്ക്ക് വരുമല്ലോ. ശാന്തിധാമത്തിൽ നമ്മൾ ആത്മാക്കൾ സത്യമായ സ്വർണ്ണമായിരിക്കും. അഴുക്ക് ഉണ്ടായിരിക്കില്ല. തീർച്ചയായും അവരവരുടെ പാർട്ട് അടങ്ങിയിട്ടുണ്ടാകും എങ്കിലും ആത്മാക്കൾ എല്ലാവരും പവിത്രമായിരിക്കും. അപവിത്രമായ ആത്മാവിന് അവിടെയിരിക്കാൻ കഴിയില്ല. അതുപോലെ ഈ സമയത്ത് ഇവിടെ പവിത്രമായ ഒരു ആത്മാവും ഉണ്ടാകില്ല. നിങ്ങൾ ബ്രാഹ്മണകുല ഭൂഷണരും പവിത്രമായിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ഇപ്പോൾ നിങ്ങളെ ദേവത എന്ന് പറയാൻ സാധിക്കില്ല. അവർ സമ്പൂർണ്ണ നിർവ്വികാരികളാണ്. നിങ്ങളെ സമ്പൂർണ്ണ നിർവ്വികാരികൾ എന്ന് പറയാൻ സാധിക്കുമോ. ശങ്കരാചാര്യരാവട്ടെ അല്ലെങ്കിൽ മറ്റാരുമാവട്ടെ ദേവതകളെയല്ലാതെ മറ്റാരെയും ഇങ്ങനെ പറയാൻ കഴിയില്ല. ജ്ഞാനസാഗരന്റെ മുഖത്തിലൂടെ ഈ കാര്യങ്ങൾ നിങ്ങളാണ് കേൾക്കുന്നത്. ജ്ഞാനസാഗരൻ ഒരേയൊരു തവണയാണ് വരുന്നത് എന്നതും അറിയാം. മനുഷ്യരാണെങ്കിൽ പുനർജന്മങ്ങൾ എടുത്ത് വീണ്ടും വരുന്നു. ചിലർ ജ്ഞാനം കേട്ട് പോയിട്ടുണ്ടാകും, സംസ്ക്കാരം കൊണ്ടുപോയിട്ടുണ്ടാകും അതിനാൽ വീണ്ടും വരും, വന്ന് കേൾക്കും. 6–8 വർഷം കഴിഞ്ഞവരാണെന്ന് കരുതൂ അവർ നന്നായി മനസ്സിലാക്കിയിട്ടുണ്ടാകും. ആത്മാവ് അതുതന്നെയല്ലേ. കേൾക്കുമ്പോൾ അവർക്ക് നന്നായി തോന്നും. നമുക്ക് വീണ്ടും ബാബയുടെ അതേ ജ്ഞാനം ലഭിക്കുകയാണ് എന്ന് ആത്മാവിന് മനസ്സിലാകും. ഉള്ളിൽ സന്തോഷമുണ്ടാകും, മറ്റുള്ളവരേയും പഠിപ്പിക്കുന്നതിൽ മുഴുകും. സമർത്ഥരായിരിക്കും. എങ്ങനെയാണോ യുദ്ധം ചെയ്യുന്നവർ ആ സംസ്ക്കാരവും കൊണ്ടുപോകുമ്പോൾ ചെറുപ്പത്തിൽ തന്നെ ആ ജോലിയിൽ വളരെ സന്തോഷത്തോടെ മുഴുകുന്നത്. ഇപ്പോൾ നിങ്ങൾക്ക് പുരുഷാർത്ഥം ചെയ്ത് പുതിയ ലോകത്തിന്റെ അധികാരിയായി മാറണം. നിങ്ങൾക്ക് എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും അതായത് ഒന്നുകിൽ നിങ്ങൾക്ക് പുതിയ ലോകത്തിന്റെ അധികാരിയാവാൻ സാധിക്കും അല്ലെങ്കിൽ നിങ്ങൾക്ക് ശാന്തിധാമത്തിന്റെ അധികാരിയാവാൻ സാധിക്കും. ശാന്തിധാമം നിങ്ങളുടെ വീടാണ് – അവിടെ നിന്നും പാർട്ട് അഭിനയിക്കാനായി നിങ്ങൾ ഇവിടേയ്ക്ക് വന്നതാണ്. ഇതും ആർക്കും അറിയില്ല എന്തെന്നാൽ ആത്മാവിനെത്തന്നെ ആർക്കും അറിയില്ല. നമ്മൾ നിരാകാരീ ലോകത്തുനിന്നും ഇവിടേയ്ക്ക് വന്നതാണ് എന്നത് നിങ്ങൾക്ക് മുമ്പ് അറിയുമായിരുന്നോ. നമ്മൾ ബിന്ദുവാണ്. സന്യാസിമാരും പറയാറുണ്ട് ഭൃഗുഡി മദ്ധ്യത്തിൽ നക്ഷത്രസമാനം ആത്മാവ് വസിക്കുന്നുവെന്ന് എന്നാൽ ബുദ്ധിയിൽ

വരുന്നത് വലിയ രൂപമാണ്. സാളിഗ്രാമം എന്നു പറയുന്നതിലൂടെ വലിയ രൂപം മനസ്സിൽ വരുന്നു. ആത്മാവ് സാളിഗ്രാമമാണ്. യജ്ഞം രചിക്കുമ്പോൾ അതിലും സാളിഗ്രാമങ്ങളെ വലുതായാണ് ഉണ്ടാക്കുന്നത്. പൂജ ചെയ്യുന്ന സമയത്തും സാളിഗ്രാമങ്ങളുടെ വലിയ രൂപമാണ് ബുദ്ധിയിൽ വരുന്നത്. ബാബ പറയുന്നു ഇതു മുഴുവൻ അജ്ഞാനമാണ്. ജ്ഞാനം ഞാനാണ് കേൾപ്പിക്കുന്നത് ലോകത്തിലെ മറ്റാർക്കും ഇത് കേൾപ്പിക്കാൻ സാധിക്കില്ല. ആത്മാവും ബിന്ദുവാണ്, പരമാത്മാവും ബിന്ദുവാണ് എന്ന് ആരും മനസ്സിലാക്കിത്തരില്ല. അഖണ്ഢമായ ജ്യോതിസ്വരൂപമായ ബ്രഹ്മമെന്ന് പറയുന്നു. ബ്രഹ്മത്തെ ഭഗവാനെന്ന് കരുതുന്നു പിന്നീട് ഞാൻ തന്നെയാണ് ഭഗവാൻ എന്നും പറയുന്നു. പറയുന്നു നമ്മൾ പാർട്ട് അഭിനയിക്കാനായി ചെറിയ ആത്മാവിന്റെ രൂപം ധാരണ ചെയ്തതാണ്. പിന്നീട് വലിയ ജ്യോതിയിൽ ലയിക്കും. ലയിച്ചുപോയാൽ പിന്നെ എന്താണ്! പാർട്ടും ലയിച്ചുപോകും. എത്ര വലിയ തെറ്റാണിത്.

ഇപ്പോൾ ബാബ വന്ന് സെക്കന്റിൽ ജീവന്മുക്തി നൽകുന്നു പിന്നീട് അരകല്പത്തിനുശേഷം ഏണിപ്പടി ഇറങ്ങി ജീവൻബന്ധനത്തിലേയ്ക്ക് വരും. പിന്നീട് ബാബ വന്ന് ജീവന്മുക്തമാക്കുന്നു, അതിനാലാണ് ബാബയെ സർവ്വരുടേയും സദ്ഗതി ദാതാവ് എന്നുപറയുന്നത്. അതിനാൽ പതിത പാവനനായ ബാബയെത്തന്നെ ഓർമ്മിക്കണം, ബാബയുടെ ഓർമ്മയിലൂടെയേ നിങ്ങൾ പാവനമാകൂ. ഇല്ലെങ്കിൽ പാവനമാകാൻ സാധിക്കില്ല. ഉയർന്നതിലും ഉയർന്നത് ഒരേയൊരു ബാബയാണ്. ചില കുട്ടികൾ ഞാൻ സമ്പൂർണ്ണമായി മാറി, ഞാൻ പൂർണ്ണമായും തയ്യാറായിക്കഴിഞ്ഞു എന്ന് കരുതുന്നു. ഇങ്ങനെ വിചാരിച്ച് തന്റെ മനസ്സിനെ സന്തോഷിപ്പിക്കുന്നു. ഇതും വിഡ്ഢിയാവലാണ്. ബാബ പറയുന്നു മധുരമായ കുട്ടികളേ, ഇപ്പോൾ വളരെ അധികം പുരുഷാർത്ഥം ചെയ്യണം. പാവനമായി മാറിയാൽ പിന്നീട് ലോകവും പാവനമായി മാറും. ഒരാൾക്ക് മാത്രമായി പോകാൻ കഴിയില്ല. ഒരാൾ കർമ്മാതീതമാകണം എന്ന് പറഞ്ഞ് എത്ര ശ്രമിച്ചാലും ആവാൻ കഴിയില്ല. രാജധാനി സ്ഥാപിതമാകണം. പഠിക്കുമ്പോൾ കുട്ടികൾ എത്ര സമർത്ഥരായാലും ശരി പരീക്ഷ സമയത്തിനാണല്ലോ നടക്കുക. പരീക്ഷ പെട്ടെന്ന് ഉണ്ടാകില്ല. ഇവിടെയും അതുപോലെയാണ്. എപ്പോൾ സമയമാകുന്നുവോ അപ്പോൾ നിങ്ങളുടെ പഠിപ്പിന്റെ റിസൾട്ട് വരും. എത്ര നല്ല പുരുഷാർത്ഥിയുമാവട്ടെ, ഞാൻ പൂർണ്ണമായും തയ്യാറാണ് എന്ന് പറയാൻ കഴിയില്ല. ഇല്ല, ഇപ്പോൾ ഒരു ആത്മാവിനും 16 കലാ സമ്പൂർണ്ണമാകാൻ സാധിക്കില്ല. വളരെ അധികം പുരുഷാർത്ഥം ചെയ്യണം. ഞാൻ സമ്പൂർണ്ണമായി എന്നു പറഞ്ഞ് മനസ്സിനെ സന്തോഷിപ്പിക്കരുത്. സമ്പൂർണ്ണമാകുന്നത് അന്തിമത്തിലാണ്. വിഡ്ഢിയാവരുത്. ഇവിടെ മുഴുവൻ രാജധാനിയും സ്ഥാപിക്കണം. ബാക്കി, ഇനി കുറച്ച് സമയമേയുള്ളു എന്നത് മനസ്സിലാക്കുന്നുണ്ട്. മിസൈലുകൾ വന്നിട്ടുണ്ട്. ഇതു നിർമ്മിക്കാനും ആദ്യം സമയം എടുത്തിരുന്നു പിന്നീട് പ്രാക്ടീസ് ആയപ്പോൾ പെട്ടെന്ന് ഉണ്ടാക്കാൻ തുടങ്ങി. ഇതെല്ലാം ഡ്രാമയിൽ ഉള്ളതാണ്. വിനാശത്തിനായി ബോംബുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഗീതയിലും മിസൈൽ എന്ന വാക്കുണ്ട്. ശാസ്ത്രങ്ങളിൽ എഴുതിയിരിക്കുന്നത് വയറ്റിൽ നിന്നും ഇരുമ്പുലക്ക വന്നു പിന്നീട് ഇങ്ങനെ ഉണ്ടായി എന്നാണ്. ഇതെല്ലാം അസത്യമായ കാര്യങ്ങളല്ലേ. ബാബ വന്ന് മനസ്സിലാക്കിത്തരുന്നു – ഈ ഉലക്കയെത്തന്നെയാണ് മിസൈൽ എന്ന് പറയുന്നത്. ഇപ്പോൾ ഈ വിനാശത്തിനുമുമ്പ് നമുക്ക് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണം. കുട്ടികൾക്ക് അറിയാം നമ്മൾ ആദി സനാതന ദേവീദേവതാ ധർമ്മത്തിലേതായിരുന്നു. സത്യമായ സ്വർണ്ണമായിരുന്നു. ഭാരതത്തെ സത്യഖണ്ഢം എന്നാണ് പറയുന്നത്. ഇപ്പോൾ അസത്യഖണ്ഢമായി മാറിയിരിക്കുന്നു. സ്വർണ്ണവും സത്യമായതും അസത്യമായതും ഉണ്ടാകുമല്ലോ. ബാബയുടെ മഹിമ എന്താണ്! എന്നത് ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കിക്കഴിഞ്ഞു. ബാബ മനുഷ്യസൃഷ്ടിയുടെ ബീജരൂപമാണ്, സത്യമാണ്, ചൈതന്യമാണ്. മുമ്പാണെങ്കിൽ പാട്ടുപാടുക മാത്രമായിരുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ബാബ മുഴുവൻ ഗുണങ്ങളും നമ്മളിൽ നിറയ്ക്കുകയാണ്. ബാബ പറയുന്നു ആദ്യമാദ്യം ഓർമ്മയുടെ യാത്ര നടത്തൂ, എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. എന്റെ പേരുതന്നെ പതിതപാവനൻ എന്നതാണ്. പതിതപാവനാ വരൂ എന്ന് പറഞ്ഞ് വിളിക്കുന്നുണ്ട് എന്നാൽ വന്ന് എന്താണ് ചെയ്യും എന്നത് അറിയില്ല. ഒരു സീതയല്ല ഉണ്ടാവുക. നിങ്ങൾ എല്ലാവരും സീതമാരാണ്.

ബാബ നിങ്ങൾ കുട്ടികളെ പരിധിയില്ലാത്തതിലേയ്ക്ക് കൊണ്ടുപോകുന്നതിനായി പരിധിയില്ലാത്ത കാര്യങ്ങൾ കേൾപ്പിക്കുന്നു. നിങ്ങൾ പരിധിയില്ലാത്ത ബുദ്ധികൊണ്ട് അറിയുന്നുണ്ട് സ്ത്രീയും പുരുഷനും ഇരുകൂട്ടരും സീതമാരാണ്. എല്ലാവരും രാവണന്റെ തടവറയിലാണ്. ബാബ (രാമൻ) വന്ന് എല്ലാവരെയും തടവറയിൽ നിന്നും രക്ഷിക്കുന്നു. രാവണൻ എന്നത് ഒരു മനുഷ്യനല്ല. ഇത് മനസ്സിലാക്കിത്തരുന്നു– ഓരോരുത്തരിലും 5 വികാരങ്ങളുണ്ട്, അതിനാലാണ് രാവണരാജ്യം എന്ന് പറയുന്നത്. പേരുതന്നെ വികാരീലോകം എന്നതാണ്, എന്നാൽ അത് നിർവ്വികാരീ ലോകമാണ്, രണ്ടെണ്ണത്തിനും വേറെ വേറെ പേരാണ്. ഇത് വേശ്യാലയമാണ് എന്നാൽ അത് ശിവാലയമാണ്. നിർവ്വികാരീ ലോകത്തിന്റെ അധികാരികളായിരുന്നു ഈ ലക്ഷ്മീ നാരായണന്മാർ. ഇവരുടെ മുന്നിൽ ചെന്ന് വികാരികളായ മനുഷ്യർ തല കുനിക്കുന്നു. വികാ

രികളായ രാജാക്കന്മാർ നിർവ്വികാരി രാജാക്കന്മാരുടെ മുന്നിൽ തലകുനിക്കുന്നു. ഇതും നിങ്ങൾക്ക് അറിയാം. മനുഷ്യർക്ക് കല്പത്തിന്റെ ആയുസ്സ് തന്നെ അറിയുകയില്ല പിന്നെ എങ്ങനെ അവർ രാവണ രാജ്യം എപ്പോൾ മുതലാണ് ആരംഭിച്ചത് എന്നത് അറിയും. പകുതി പകുതിയായിരിക്കുമല്ലോ. രാമരാജ്യവും രാവണരാജ്യവും എപ്പോഴെല്ലാമാണ് ആരംഭിക്കുന്നത്, ആശയക്കുഴപ്പത്തിലാക്കിയിരിക്കുന്നു.

ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു ഈ 5000 വർഷത്തിന്റെ ചക്രം കറങ്ങിക്കൊണ്ടിരിക്കും. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി നമ്മൾ 84 ജന്മങ്ങളുടെ പാർട്ട് അഭിനയിക്കുന്നുണ്ട്. പിന്നീട് നമ്മൾ വീട്ടിലേയ്ക്ക് പോകുന്നു. സത്യ ത്രേതായുഗങ്ങളിലും പുനർജന്മങ്ങൾ എടുക്കുന്നുണ്ട്. അതാണ് രാമരാജ്യം പിന്നീട് രാവണരാജ്യത്തിലേയ്ക്ക് വരണം. വിജയത്തിന്റേയും പരാജയത്തിന്റെയും കളിയാണ്. വിജയിക്കുമ്പോൾ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാവുന്നു. പരാജയപ്പെടുമ്പോൾ നരകത്തിന്റെയും അധികാരിയായി മാറുന്നു. സ്വർഗ്ഗം വേറെയാണ്, ആരെങ്കിലും മരിച്ചാൽ സ്വർഗ്ഗത്തിലേയ്ക്ക് പോയെന്ന് പറയുന്നു. ഇപ്പോൾ നിങ്ങൾ ഇങ്ങനെ പറയുമോ കാരണം സ്വർഗ്ഗം എപ്പോഴാണ് ഉണ്ടാകുന്നതെന്ന് നിങ്ങൾക്കറിയാം. നിർവ്വാണത്തിലേയ്ക്ക് പോയി ജ്യോതി ജ്യോതിയിൽ ലയിച്ചു എന്നാണ് അവർ പറയുന്നത്. ജ്യോതിയ്ക്ക് ഒരിയ്ക്കലും ജ്യോതിയെ ലയിപ്പിക്കാൻ കഴിയില്ല എന്നു നിങ്ങൾ പറയും. സർവ്വരുടേയും സദ്ഗതി ദാതാവ് എന്ന് ഒരാളെക്കുറിച്ചാണ് പാടിയിട്ടുള്ളത്. സ്വർഗ്ഗം എന്ന് സത്യയുഗത്തെയാണ് പറയുന്നത്. ഇപ്പോൾ നരകമാണ്. ഭാരതത്തിന്റെ തന്നെ കാര്യമാണ്. ബാക്കി മുകളിൽ ഒന്നുമില്ല. ദിൽവാഡാ ക്ഷേത്രത്തിൽ മുകളിൽ സ്വർഗ്ഗം കാണിച്ചതിനാൽ സ്വർഗ്ഗം മുകളിലാണെന്ന് എല്ലാവരും കരുതി. നോക്കൂ എങ്ങനെ മേൽക്കൂരയിൽ മനുഷ്യരുണ്ടാകും, വിഡ്ഢിയായി മാറിയില്ലേ. ഇപ്പോൾ നിങ്ങൾ വ്യക്തമായി മനസ്സിലാക്കിക്കൊടുക്കുന്നു. നിങ്ങൾക്ക് അറിയാം ഇവിടെത്തന്നെയാണ് സ്വർഗ്ഗമുണ്ടായിരുന്നത്, ഇവിടെത്തന്നെയാണ് പിന്നീട് നരകവാസിയായി മാറുന്നത്. ഇപ്പോൾ വീണ്ടും സ്വർഗ്ഗവാസിയായി മാറണം. ഈ ജ്ഞാനം തന്നെ നരനിൽ നിന്നും നാരായണനായി മാറുന്നതിനായാണ്. സത്യനാരായണനായി മാറുന്നതിനുള്ള കഥയാണ് കേൾപ്പിക്കുന്നത്. രാമ-സീതയുടെ കഥ എന്ന് പറയാറില്ല, ഇത് നരനിൽ നിന്നും നാരായണനായി മാറാനുള്ള കഥയാണ്. ഉയർന്നതിലും ഉയർന്ന പദവി ലക്ഷ്മീ നാരായണന്റേതാണ്. രാമ-സീതയുടേത് പിന്നീട് രണ്ട് കല കുറഞ്ഞതാണ്. പുരുഷാർത്ഥം ചെയ്യുന്നത് ഉയർന്ന പദവി നേടാനാണ് എന്നിട്ടും ചെയ്യുന്നില്ലെങ്കിൽ പോയി ചന്ദ്രവംശിയായി മാറും. ഭാരതവാസികൾ പതിതമാകുമ്പോൾ തന്റെ ധർമ്മത്തെ മറന്നുപോകുന്നു. ക്രിസ്ത്യാനികൾ തീർച്ചയായും സതോയിൽ നിന്നും തമോപ്രധാനമായി മാറിയിട്ടുണ്ട് എങ്കിലും ക്രിസ്ത്യൻ ധർമ്മത്തിൽ തന്നെയല്ലേ. ആദി സനാതന ദേവീദേവതാ ധർമ്മത്തിലുള്ളവർ ഇപ്പോൾ സ്വയം ഞങ്ങൾ ഹിന്ദുവാണെന്ന് പറയുന്നു. നമ്മൾ യഥാർത്ഥത്തിൽ ദേവീ ദേവതാ ധർമ്മത്തിലേതായിരുന്നു എന്നത് മനസ്സിലാക്കുന്നില്ല. അത്ഭുതമല്ലേ. നിങ്ങൾ ചോദിക്കും ഹിന്ദു ധർമ്മം ആരാണ് സ്ഥാപിച്ചത്? അപ്പോൾ സംശയിക്കുന്നു. ദേവതകളെ പൂജിക്കുന്നുവെങ്കിൽ ദേവതാ ധർമ്മത്തിലേതല്ലേ. എന്നാൽ മനസ്സിലാക്കുന്നില്ല. ഇതും ഡ്രാമയിൽ ഉള്ളതാണ്. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും ഉണ്ട്. നിങ്ങൾക്കറിയാം നമ്മൾ ആദ്യം സൂര്യവംശികളായിരുന്നു പിന്നീടാണ് മറ്റു ധർമ്മങ്ങൾ വരുന്നത്. നമ്മൾ പുനർജന്മങ്ങൾ എടുത്തുവന്നു. നിങ്ങളിലും ചിലർക്ക് യഥാർത്ഥരീതിയിൽ അറിയില്ല. സ്ക്കൂളിലും ചില കുട്ടികളുടെ ബുദ്ധിയിൽ നന്നായിരിക്കും എന്നാൽ ചില കുട്ടികളുടെ ബുദ്ധിയിൽ കുറച്ചേ കയറൂ. ഇവിടെയും ആരാണോ തോറ്റുപോകുന്നത് അവരെയാണ് ക്ഷത്രിയർ എന്നു പറയുന്നത്, ചന്ദ്രവംശിയിലേയ്ക്ക് പോകും. രണ്ട് കല കുറഞ്ഞില്ലേ. സമ്പൂർണ്ണമാകാൻ സാധിച്ചില്ല. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവുമുണ്ട്. ആ സ്ക്കൂളിലാണെങ്കിൽ പരിധിയുള്ള ചരിത്രവും ഭൂമിശാസ്ത്രവുമാണ് പഠിപ്പിക്കുന്നത്. അവർക്ക് മൂലവതനത്തേയും സൂക്ഷ്മവതനത്തേയും അറിയുമോ. സാധു സന്യാസി മുതലായ ആരുടേയും ബുദ്ധിയിൽ ഇല്ല. നിങ്ങളുടെ ബുദ്ധിയിലുണ്ട്- മൂലവതനത്തിലാണ് ആത്മാക്കൾ വസിക്കുന്നത്. ഇതാണ് സ്ഥൂലവതനം. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ഇവിടെ സ്വദർശന ചക്രധാരി സേനയാണ് ഇരിക്കുന്നത്. ഈ സേന ബാബയേയും ചക്രത്തേയും ഓർമ്മിക്കുന്നു. നിങ്ങളുടെ ബുദ്ധിയിൽ ജ്ഞാനമുണ്ട്. ബാക്കി ഒരു ആയുധവുമില്ല. ജ്ഞാനത്തിലൂടെ സ്വയം ദർശനമുണ്ടായി. രചയിതാവായ ബാബയുടേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും ജ്ഞാനം നൽകുന്നു. ഇപ്പോൾ ബാബയുടെ ആജ്ഞയാണ് രചയിതാവിനെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും. ആര് എത്രത്തോളം സ്വദർശന ചക്രധാരിയായി മാറുന്നുവോ, മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നുവോ, ആരാണോ കൂടുതൽ സേവനം ചെയ്യുന്നത് അവർക്ക് ഉയർന്ന പദവി ലഭിക്കും. ഇത് സാധാരണ കാര്യമാണ്. ബാബയെ മറന്നത് ഗീതയിൽ കൃഷ്ണന്റെ പേരുവെച്ചിരിക്കുന്നു. കൃഷ്ണനെ ഭഗവാൻ എന്ന് പറയാൻ കഴിയില്ല. കൃഷ്ണനെ പിതാവെന്നു പറയില്ല. സമ്പത്ത് അച്ഛനിൽ നിന്നാണ് ലഭിക്കുന്നത്. പതിത പാവനൻ എന്ന് ബാബയെയാണ് പറയുന്നത്, ബാബ എപ്പോൾ വരുന്നുവോ അപ്പോഴേ നമുക്ക് ശാന്തിധാമത്തിലേയ്ക്ക് തിരിച്ചുപോകാൻ സാധിക്കൂ. മനുഷ്യർ മുക്തിയ്ക്കായി എത്ര തലയിട്ടടിക്കുന്നു.

നിങ്ങൾ എത്ര സഹജമായാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. പറയൂ – പതിത പാവനൻ പരമാത്മാവാണ് പിന്നെ എന്തിനാണ് ഗംഗയിൽ സ്നാനം ചെയ്യാൻ പോകുന്നത്! ഗംഗാതീരത്തുതന്നെ മരിക്കണം എന്ന ചിന്തയിൽ ഗംഗാതീരത്ത് ചെന്നിരിക്കുന്നു. മുമ്പ് ബംഗാളിൽ ആരെങ്കിലും മരിക്കാറായാൽ അവരെ ഗംഗ യിലേയ്ക്ക് കൊണ്ടുപോയി ഹരി എന്നു പറയാൻ പറയും. അവർക്ക് മുക്തി ലഭിച്ചെന്നു കരുതുന്നു. ആത്മാവ് വേർപെട്ടു. എന്നാൽ പവിത്രമായില്ലല്ലോ. ആത്മാവിനെ പവിത്രമാക്കുന്നത് ബാബ മാത്രമാണ്, ബാബയെത്തന്നെയാണ് വിളിക്കുന്നത്. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ വികർമ്മം വിനാശമാകും. ബാബ വന്ന് പഴയ ലോകത്തെ പുതിയതാക്കി മാറ്റുന്നു. അല്ലാതെ പുതിയത് രചിക്കുന്നില്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹ സ്മരണകയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയിൽ എന്തെല്ലാം ഗുണങ്ങളുണ്ടോ അതെല്ലാം സ്വയത്തിൽ നിറയ്ക്കണം. പരീക്ഷയ്ക്കു മുൻപ് പുരുഷാർത്ഥം ചെയ്ത് സ്വയത്തെ പരിപൂർണ്ണമായും പാവനമാക്കി മാറ്റണം, ഇതിൽ വിഡ്ഢിയാകരുത്.

2) സ്വദർശന ചക്രധാരിയായി മാറുകയും മാറ്റുകയും വേണം. ബാബയേയും ചക്രത്തേയും ഓർമ്മിക്ക ണം. പരിധിയില്ലാത്ത ബാബയിലൂടെ പരിധിയില്ലാത്ത കാര്യങ്ങൾ കേട്ട് തന്റെ ബുദ്ധിയെ പരിധിയില്ലാത്ത തിൽ വെയ്ക്കണം. പരിധിയുള്ളതിലേയ്ക്ക് വരരുത്.

## വരദാനം : സ്വസ്ഥിതിയിലൂടെ പരിതസ്ഥിതികളുടെ മേൽ വിജയം പ്രാപ്തമാക്കുന്നവ രായ സംഗമയുഗത്തിലെ വിജയി രത്നമായി ഭവിക്കു.

പരിതസ്ഥിതികളുടെ മേൽ വിജയം പ്രാപ്തമാക്കാനുള്ള മാർഗമാണ് സ്വസ്ഥിതി. ഈ ഈ ദേഹവും എ ന്റെതല്ലാ. സ്വസ്ഥിതി അഥവാ സ്വധർമ്മം സദാ സുഖത്തിന്റെ അനുഭൂതി ചെയ്യിപ്പിക്കുന്നതാണ്. പരധർമ്മം അഥവാ ദേഹത്തിന്റെ സ്മൃതി ഏതെങ്കിലും പ്രകാരത്തിലുള്ള ദുഖത്തിന്റെ അനുഭവം ചെയ്യിപ്പിക്കുന്നതാ യിരിക്കും ആരാണൊ സദാ സ്വസ്ഥിതിയിലിരിക്കുന്നത് അവർ സദാ സുഖത്തിന്റെ അനുഭവം ചെയ്യുന്ന താണ്. അവരുടെ അടുത്ത് ദുഖത്തിന്റെ അലകൾക്ക് വരാൻ സാധിക്കില്ല. അവർ സംഗമയുഗത്തിലെ വി ജയി രത്നമായി മാറുന്നതാണ്.

## സ്ലോഗൻ:പരിവർത്തനത്തിന്റെ ശക്തിയിലൂടെ വ്യർത്ഥ സങ്കൽപ്പങ്ങളുടെ ഒഴുക്കിന്റെ ശ ക്തിയെ സമാപ്തമാക്കു.

**അവ്യക്തസൂചന ‘കമ്പൈൻഡ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ വിജയികളായി മാറു:**
ആളുകൾ പറയാറുണ്ട് എവിടെ നോക്കിയാലും അവിടെയെല്ലാം നീ തന്നെ നീ മാത്രം എന്നാൽ നമ്മൾ പ റയും നമ്മൾ എന്ത് ചെയ്യുന്നുവോ എവിടെ പോകുന്നുവോ ബാബയോടൊപ്പമാണ്. അതായത് ബാബ മാ ത്രം. അതായത് ഏത് കർത്തവ്യങ്ങൾ ചെയ്യുമ്പോഴും ബാബ കൂടെത്തന്നെയുണ്ട്. ചെയ്യുന്ന ആളും ചെയ്യി പ്പിക്കുന്ന ആളും രണ്ടുപേരും കമ്പൈൻഡ് ആണ്.